# ഭീമൻകഥ

# ഭീമൻകഥ

## കാവ്യം

താളിളക്കം

2020

പേര്: **ഭീമൻകഥ**

ഭാഷ മലയാളം

വിഭാഗം: കാവ്യം

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

## ഭീമൻകഥ

## ഹിഡിംബവധവും ബകവധവും

അംബുജവൈരികുലത്തിലുളവാകിയപാണ്ഡവരഞ്ചും
അമ്മയുമായൊരുനാളി ലരക്കില്ലവും വെന്തുനടന്നു
അന്നുവിലദ്വാരംപുക്ക കുന്തിപുത്രരുമായ്നടകൊണ്ടു
ചാത്യപ്പുഴയ്ക്കലുംചെന്നു കുന്തി തീരംകടപ്പതിനായി
തോണിപ്പുഴയുടയോനെക്കണ്ടു വേദനയോടുപറഞ്ഞു
തോണിപ്പുഴയുടയോന എന്നെ യക്കരേയ്ക്കങ്ങിറക്കേണം
തോണികടക്കണമെങ്കിൽ തോണിക്കൂലിയെടുപ്പിൻവൈകാതെ
തോണിക്കൂലിക്കൊരു പായം കഴിവില്ലപുഴയുടയോനേ
കൂലിക്കുപായമില്ലെങ്കിൽനിന്റെബാലരിലൊന്നുതന്നാലും
അഞ്ചിതംനെഞ്ചിൽകരുതികുന്തി ഞ്ചലംപൂണ്ടങ്ങുഴന്നു
അന്നേരംഭീമൻപറഞ്ഞു തന്റെമാതാവിനോടു സദ്രശം
ഞാനമിവിടെനിന്നീടാം നിങ്ങൾവേഗംകടന്നങ്ങുപോവിൻ
എന്നതു കേട്ടോരുനേരം കുന്തിനേത്രാംബുമാവിലൊഴുക്കി
വമ്പൻപുഴയുടയോന്റെകയ്യിൽ പുത്രനെമെല്ലെക്കൊടുത്തു
ധർമ്മസഹോദരന്മാരും കുന്തിവന്ദിച്ചുതീരംകടന്നു
ആടലായ്മാതാവിനപ്പോൾ മന്ദംചെന്നങ്ങുവെള്ളിശ്രീയാൽക്കൽ
ആൽത്തറകേറിയിരുന്നു തന്റെപുത്രനെയോർത്തുകരഞ്ഞു
അന്നേരംധർമ്മജൻചൊല്ലി മാതൃദുഃഖംകെടുപ്പാനുപായം
നാലുനാളുള്ളിലിവിടെഎന്റെ സോദരൻവന്നീടുമമ്മേ!
ധർമ്മജനേവംപറഞ്ഞു ധർമ്മസമ്മതയായിമാതാവും
വായുതനയനെ നോക്കി വീരൻ വമ്പൻപുഴയുടയോനും
ഭാര്യാശുശ്രൂഷകൾനീയും ഒരുവാട്ടംവരാതെചെയ്യേണം
അങ്ങനെയാമെന്നുചൊല്ലി ഭീമസേനനു സമ്മതമായി
നിത്യംകുളിപ്പതിനുള്ള വെള്ളം കാച്ചേണമെന്നുപറഞ്ഞു
ഊറ്റമായുള്ളൊരു ചെമ്പു ഭീമസേനന്റെ പക്കൽകൊടുത്തു
ബാലകൻ ചെമ്പങ്ങെടുത്തു മറപ്പള്ളിമഠത്തിൽപുക്കു
വെപ്പുകുടംരണ്ടെടുത്തുവെള്ളംകോരിച്ചൊരിഞ്ഞുനിറച്ചു
അഗ്നിയുംകത്തിച്ചുനന്നാ യെവ്വെള്ളംകാഞ്ഞുതിളച്ചുതുടങ്ങി
പോരികവേഗംകുളിപ്പാനിനിനാഴികതെറ്റുതൊട്ടും
പോരാൻ മടിയുണ്ടെന്നാകിൽ പ്രാണനാഥേ! വിരവിലെടുപ്പൻ
എന്നും പറഞ്ഞുടൻഭീമൻ വേഗംകാൽകരംകൂട്ടിപ്പിടിച്ചു

മെല്ലെയവിടുന്നെടുത്തു തിളവെള്ളത്തിലങ്ങുമറിച്ചു
കാർക്കുന്തൽ ചുറ്റിപ്പിടിച്ചു തിളവെള്ളത്തിലിട്ടൊന്നുലച്ചു
അസ്ഥിയുമൊക്കെ മുറിഞ്ഞുഅവൾമൃത്യുവശഗതയായി
ചത്തെന്നുകണ്ടോരുനേരം ഭീമൻ മറ്റൊരുചെമ്പെങ്ങെടുത്തു
ചിത്രത്തിൽവെച്ചങ്ങുമൂടി യോടിച്ചെന്നു കടവിലന്നേരം
കുന്തികുമാരനെക്കണ്ടു വീരൻ വമ്പൻപുഴയുടയോനും
അമ്മയ്ക്കു നല്ല സുഖമോസുതാ എന്തിനിങ്ങോട്ടിപ്പോൾപോന്നു
അമ്മകുളിച്ചുസുഖമായ് നല്ലസ്വാദുത്വമുണ്ടുഭുജിച്ചു
സൌഖ്യമായങ്ങിരിക്കുന്നു ഒരുനാളും ലയമില്ലവക്ക്
ഓടംകടത്തേണമിപ്പോളിനിക്കാലസ്യംപാരംമകനെ
എന്നുരചെയ്തോരുനേരം ഭീമനപ്പോളവനോടുചൊല്ലി
അങ്ങുന്നുതോണി നടുവിൽ ഒരുവാട്ടംവരാതെയിരിക്ക
അങ്ങോട്ടുമിങ്ങോട്ടുംവേഗം പുഴഞാൻവലിച്ചങ്ങിറക്കീടാം
സന്തോഷമുള്ളിൽകരുതി വീരൻ വമ്പൻപുഴയുടയോനും
തോണിനടുവിൽകരേറി ഭീമൻ ഊറ്റമായൊന്നുവലിച്ചു
തോണിനടപ്പുഴതന്നിൽ ചുഴന്നാമ്മാറുകീഴ്പോട്ടുതാണു
തോണിപ്പുഴയോടയോനുംമുങ്ങി നീന്തിത്തുടിച്ചുതുടങ്ങി
കാലുംകരവുംതളന്നു അവൻ കണ്ണുമിഴിച്ചുതുടങ്ങി
വല്ലാതെകൊല്ലരുതെന്നു ഭീമസേനനുമുള്ളിലുറച്ചു
കാൽകരംകൂട്ടിപ്പിടിച്ചുഭീമനക്കരേക്കങ്ങോട്ടെറിഞ്ഞു
വായിലെനാവുംപറിച്ചു അവൻ തന്നെയുംതള്ളിയങ്ങിട്ടു
വേഗംകുതിച്ചങ്ങുചെന്നു മാതൃപാദാംബുജവുംവണങ്ങി
അഗ്രജപാദം തൊഴുതുതന്റെ സോദരന്മാരെപ്പുണന്നു
ദുഃഖവുംതീന്നിതുകുന്തി തന്റെ പുത്രരുമായ്നടകൊണ്ടു
കാടതിൽചെന്നങ്ങുപുക്കുകണ്ണുകാണാഞ്ഞുദേവിക്കന്നേരം
തെറ്റെന്നുഴറിനടന്നുചെന്നു പുക്കുഹിഡിംബവനത്തിൽ
അക്കനമസ്തമിച്ച പ്പോൾ കൊടുംകാട്ടിലാമ്മാറന്നുദേവി
പുത്രരോടുംദുഃഖമാന്നക്കുന്തിക്കാലസ്യമായിതന്നേരം
വെള്ളം കുടിയാഞ്ഞു പാരം കുന്തിദേവിക്കുമാലസ്യമായി
വായുതനയ!മകനേ!വേഗംവെള്ളം കൊണ്ടന്നുതരേണം
മാതാവുചൊന്നതുകേട്ടുഭീമൻ വേഗം വനത്തിൽകടന്നു
കണ്ടിതിഡിംബവനത്തെ വീയ്യവിസ്മയമെന്നകണക്കെ
ഗോപുരംനാലുദിക്കിലുംനല്ല വ്യോമമാർഗ്ഗത്തോളംകാണായ്

പശ്ചിമഗോപുരദേശേ നല്ല പൂഞ്ചിറകണ്ടുതെളിഞ്ഞു
ബദ്ധരോഷത്തോടിറങ്ങിതോയപാനവുംചെയ്യുന്നനേരം
മട്ടോൽമിഴയാളിഡിംബികളിച്ചാനന്ദമായ് നിൾക്കുന്നേരം
അംഗനമാരോട്ടുകൂടിച്ചില സംഗവിനോദംപറഞ്ഞു
ഗംഗയിൽസ്നാനവുംചെയ്യും നരപുംഗവനെക്കണ്ടവളും
ചഞ്ചലംനെഞ്ചിൽകരുതി മണ്ടിച്ചെന്നിതുഭീമസമീപേ
മാരാത്തിപൂണ്ടുപറഞ്ഞിതപ്പോൾനാരീമണിയാമിഡിംബി
എന്നോടു കൂടെ വരിക നല്ല സ്വാദുത്വമുണ്ടുവസിക്കാം
സ്വൈരമായങ്ങുറങ്ങീടാംസുഖംനല്ലവണ്ണം വരുംമേലിൽ
ദ്ദുവാക്കുകേട്ടൊരുഭീമൻ നന്നായ് കോപിച്ചവളോട്ടുചൊല്ലി
പോടിനിശാചരീ! മൂഢേ! നിന്റെശാഠ്യങ്ങൾഞാനിങ്ങറിഞ്ഞു
പോകായ്കിലിന്നുഞാൻനിന്നെ ഇപ്പോൾ കാലപുരത്തിന്നയപ്പൻ
എന്നതുകേട്ടിങ്ങിഡിംബിമന്ദംചെന്നാങ്ങിഡിംബസമീപേ
പാരംപരിതാപംപൂണ്ടു തന്റെ സോദരനോട്ടുപറഞ്ഞു
മാർത്താണ്ഡബിംബസമാനൻ നല്ല രാജകുമാരകവീരൻ
തോഴിമാരൊന്നിച്ചുഞാനുംകുളിച്ചങ്ങിനെനിൽക്കുന്നനേരം
എന്നോടടുത്തവൻവന്നു എന്റെ മെയ്മേൽതൊടുന്നതിനായി
കണ്ടു പേടിച്ചുഞാനോടി എന്റെ കാലുംകരവും തളന്നു
പോയീലവനവിടുന്നു വേഗം ചെന്നാലവനെക്കണ്ടീടാം
എന്നതുകേട്ടൊരുനേരം അവൻകോപത്തോടൊന്നങ്ങലറി
കഷ്ടംമനുഷ്യൻവന്നെന്റെ ചിറതൊട്ടവനെവധിക്കേണം
പെട്ടെന്നുവന്നൊരുകോപം ഇന്നു പോക്കുവനെന്നുരചെയ്തു
നന്നായ് ചിരിച്ചൊന്നലറി അവൻ മുഷ്ടിചുരുട്ടിനടന്നു
ഭീമനെക്കണ്ടങ്ങവനും അതി ഭീമമായൊന്നങ്ങലറി
ദംഷ്ട്രംകരാളംകണക്കേ നീട്ടി ദന്തംകടിച്ചുപൊടിച്ചു
ദ്ദൃഷ്ടിയുരുട്ടിമിഴിച്ചു കനൽക്കട്ടചിതറുമാറേറ്റം
അട്ടഹാസംചെയ്തലറി മുട്ടനെട്ടാശപൊട്ടുമാറപ്പോൾ
ഏറ്റംകയത്ത്ങ്ങടുത്തു അവനുറ്റമായൊന്നങ്ങടിച്ചു
ആയടിഭീമൻപിടിച്ചു തന്റെബാഹുക്കൾകൊണ്ടൊന്നടിച്ചു
ആയടികൊണ്ടൊരുനേര മവ നാലസ്യംപാരമുണ്ടായി
എന്നതുകണ്ടൊരുനേരംഭീമസേനനുമൊന്നുപറഞ്ഞു
നിന്നോടുഞാനെന്തുചെയ്തുപിന്നെ എന്നോടു വന്നിങ്ങെതൃപ്പാൻ
നേരുംനേരുകേടും ന്യായംവഴിരണ്ടുമറിയേണമിപ്പോൾ

എന്നെയടിപ്പാൻ നിനക്കിന്നൊരു യോഗ്യതയില്ലന്നറിയേണം
എന്നു പറഞ്ഞുടൻ ഭീമസേനൻപിന്നയുംഒന്നങ്ങടിച്ചു
ആയടികൊണ്ടങ്ങസുരൻ ചുഴന്നമ്മാറുഭ്രമിയിൽവീണാൻ
അല്പനേരംകഴിഞ്ഞപ്പോൾഅവന്മറ്റമായൊന്നങ്ങലറി
ചീറ്റംമുഴുത്തങ്ങിഡുംബൻവായുനന്ദനനെപ്പിടിപെട്ടു
മുഷ്ടിപ്രയോഗം തുടങ്ങി യതിദുഷ്ടൻനിശാചരനപ്പോൾ
കാണിക്കിടം തുടരാതെ അവർയുദ്ധം തുടന്നുനേരം
ഭീമനുംദീനതപൂണ്ടു പാരമാലസ്യമായിതന്നേരം
വേർപിരിയാതവർദൂരെപ്പോയ്വിചാരിച്ചു നിൽക്കുന്നനേരം
തോറ്റുവെന്നുള്ളിലുറച്ചു മഹാദുഷ്ടൻ ഹിഡിംബ നന്നേരം
വന്മരംചുറ്റിപ്പറിച്ചു ഇലയൂരിയവനെ അടിച്ചു
ആയടി മാറിത്തട്ടുത്തുതന്റെഅച്ഛനെയുള്ളിൽനിനച്ചു
ശ്രീഗതകയ്യിലെടുത്തു ഭീമസേനനു മൊന്നങ്ങടിച്ചു
ആയടികൊണ്ടങ്ങസുരൻ ചുഴന്നാമ്മാറുഭ്രമിയിൽവീണു
കൊല്ലല്ലേല്ലേവായുതനയനിനക്കിഷ്ടമാംവണ്ണമിരിക്കാം
ഞാൻചെയ്തതൊക്കെപ്പൊറുക്കധനധാന്യങ്ങളൊക്കെ ത്തന്നീടാം
എന്നിഡിംബൻ പറഞ്ഞപ്പോളവയൊന്നും നിനക്കാതെഭീമൻ
ക്രോധംമുഴുത്തസുരന്റെ ദേഹംഭസ്മമായ് ധൂളിച്ചന്നേരം
ദേവകൾക്കാപത്തൊഴിഞ്ഞു മുനിയാശ്രമങ്ങൾക്കും സുഖമായ്
വമ്പൻ ഹിഡിംബനെക്കൊന്നു ജലംകൊണ്ടുപോകുന്നോരുനേരം
പിന്നാലെക്കൂടി ഹിഡിംബി അപ്പോൾ ഭീമൻപറഞ്ഞവളോടു
നീയുമിന്നെന്നോടുകൂടി പോരാനെന്തൊരു കാര്യസിദ്ധാന്തം
താനെന്നെരക്ഷിക്കവേണം ഇനിതാനൊഴിഞ്ഞാരുള്ളിനിക്കു
തമ്മിലന്യോന്യംപറഞ്ഞുകുന്തിദേവീസമീപത്തുചെന്നു
മാതവിനു ജലം നൽകി തോയപാനവും ചെയ്തവരപ്പോൾ
ആനന്ദസോദര! ഉണ്ണി നിനക്കെങ്ങുന്നുകിട്ടിയിവളെ
ഉണ്ടായവാത്തകളെല്ലാം തന്റെമാതാവിനോടു പറഞ്ഞു
ദുഷ്കരംനീചെയ്തകാര്യം ബഹുവിസ്മയമെന്നുമറിക
വൃത്താന്തമിങ്ങനെകേട്ടുധമ്മപുത്രരുമൊന്നങ്ങുരച്ചു
ധാത്രീപതിസുതകേൾക്ക ഒരുതീത്ഥമാടേണം നമുക്കു
എന്നുപറഞ്ഞതു കേട്ടുനിജധമ്മ സഹോദരന്മാരും
തെറ്റെന്നുഴറി നടന്നു ചെന്നു പുക്കിതു ആര്യഗ്രാമത്തിൽ

ഊരതിലൊക്കെനെടന്നുഭയമുണ്ടായ് വസിക്കുന്നനേരം
ഊരതിലൊക്കെനെടന്നുകുന്തിസഞ്ചരിക്കുന്നോരുനേരം
ഏകനൊരുവിപ്രൻ തന്റെഇല്ലത്തന്തണ സ്ത്രീകരയുന്നു
അന്തണസ്ത്രീദുഃഖം കേട്ടു കുന്തി ചിന്തിച്ചവിടെ ക്കരേറി
എന്തന്നു ചോദിച്ചു കുന്തിയവൾ വേദനയോടുപറഞ്ഞു
ഈഗ്രാമത്തിൽപ്രഭയോടെ ഞങ്ങൾസ്വൈരമായ്വാഴുന്നകാലം
എങ്ങുന്നവന്നോരസുരൻആക്കും ധാരണയില്ലമാതാവെ
ആരണരൊക്കെകുളിപ്പാൻചിറതന്നിൽഇറങ്ങിയനേരം
ഊരിൽകടന്നവൻവന്നുചിലഉണ്ണികളേയും ഭുജിച്ചു
ഗോക്കളെയൊക്കവെകൊന്നു തിന്നു വൃദ്ധരാംവിപ്രരെകൊന്നു
അന്തണസ്ത്രീകളെകൊന്നു ഞങ്ങൾക്കത്തൽ വരുത്തിയസുരൻ
അഞ്ചുദിവസമിങ്ങേവമവൻചഞ്ചലംകൂടാതെചെയ്താൻ
അഞ്ചാമനസ്സാമസുരാഞങ്ങൾചൊല്ലുന്നവാക്കുകൾകേൾക്ക
ഒന്നാലെ കൊന്നുമുടിച്ചാൽപിന്നെഉമ്മാൻനിനക്കില്ലകൊറ്റും
വിപ്രവചനങ്ങൾകേട്ടു ബകൻസുപ്രസാദം നിറഞ്ഞുള്ളിൽ
അപ്പോൾപറഞ്ഞസുരേശൻദിനംനിത്യവുമുള്ളകണക്കേ
ആയിരംനാഴി അരിയുംഅഴകോടതുവച്ചുചമച്ചു
നൂറുകുടത്തിൽരസാളംശുഭമേറ്റമിനിക്കുപ്രസാദം
പച്ചയിറച്ചി ഭുജിപ്പാനൊരുമാനും വൃഷഭവും പോത്തും
കേവലമോട്ടുന്നപാടിൽ കേറ്റി കേട്ടുവരാതെതരേണം
നിത്യവും കൊണ്ടുതരേണംനിങ്ങളോരോത്തരോരൊ ദിവസം
കൊണ്ടുവരാൻ വൈകിയെന്നാൽ കൊന്നുപാടെയൊടുക്കും മുടിക്കും
അങ്ങിനെസമ്മതിച്ചപ്പോൾ അവനിന്നലേയാവോളമെല്ലാം
ഇന്നിനിഞങ്ങടെ കയ്യാൽബകനമ്മാൻ കൊടുക്കണം തായേ!
കോപ്പുകളൊക്കവെകൂട്ടി കൊണ്ടു പോവതിനാരുമേയില്ല
മാമറയോനും മകനുംഞാനും തന്നെയതൊള്ളുമാതാവേ
ഉണ്ണിയെച്ചൊല്ലി യയച്ചാലെന്റെ ഉദകക്രിയക്കാരുമില്ല
മാമറയോനെയയച്ചാലെന്റെ മംഗല്യസൂത്രംമുടങ്ങും
ആരിനിപ്പോകുന്നതമ്മെ മകനെന്നെയിനിക്കുള്ളു കഷ്ടം
വേദനപൂണ്ടങ്ങുഭത്താ വിപ്പോൾ ദീനതപൂണ്ടുഴലുന്നു
ഹാഹാവിധിദൈവമെന്നുകേണപിന്നേയുംവൻമുറയായി
അന്തണസ്ത്രീദുഃഖം കണ്ടുകുന്തീദേവിക്കു സങ്കടംപൂണ്ടു
ആരണനാരി തന്നോടു മപ്പോളിമ്പംവരുമാറുചൊല്ലി

കമ്പംകലരാതിരിക്ക കഴിവുണ്ടാക്കുവൻഞാനംഭദ്രേ
അഞ്ചൊണ്ടുമക്കളിനിക്കു അതിലൊന്നിനെഞാൻതരുന്നുണ്ടു
സങ്കടംതീൎന്നില്ലയെങ്കിൽ അതിനഞ്ചിനേയുംതരുന്നുണ്ടു
സങ്കടംതീൎന്നിരുന്നാലും എന്നുവേദിയസ്ത്രീയോടുചൊല്ലി
കുന്തീവചനങ്ങൾ കേട്ടുമനംനന്നായ് കുളൎത്തുപറഞ്ഞു
കത്തിയെരിയുന്നതീയിൽ കുളുർവെള്ളംചൊരിയുന്നപോലെ
ഉള്ളകമൊക്കെ ത്തണുൎത്തുഎന്റെ തള്ളയെന്നുംചൊല്ലിനിന്നു
കൊല്ലുവാൻകൊണ്ടുപോകുന്നജനംതന്നെരക്ഷിക്കുന്നപോലെ
വെള്ളത്തിൽവീണു മരിക്കുന്നോരെതന്നെ രക്ഷിക്കുന്നപോലെ
പ്രാണരക്ഷാൎത്ഥം ചെയ്യുന്നജനം മാതാവിനുതുല്യമമ്മെ!
ഉള്ളിലെവേദനയെല്ലാം പൊറുപ്പാറായി ഭേദം മകനെ
നല്ലതുമേലിൽവരേണംനിങ്ങൾക്കല്ലാതെയില്ലപറവാൻ
നാരായണയെന്നുചൊല്ലിനാരി ഖേദവുമുള്ളിലടക്കി
വിപ്രരെരക്ഷിപ്പതിന്നു തന്റെ പുത്രനെക്കണ്ടുപറഞ്ഞു
വീരൻബകൻ ചെയ്യുനൎത്ഥം വിപ്രരോടുള്ള ഹമ്മതിയെല്ലാം
ധൎമ്മജനാദിയായുള്ള സുതന്മാരൊടുചൊല്ലിമാതാവും
അഗ്രജനാകുന്ന പുത്രനപ്പൊളഗ്രേയനുവാദം നൽകി
മുക്തിവരുത്തണമെന്നു തന്റെ ഭീമനെക്കണ്ടുപറഞ്ഞു
മാതാവുചൊന്നതുകേട്ടു ഭീമനാരെന്നുചൊല്ലിനടന്നു
വേദനകൂടാതെ ചെന്നുഭീമൻ വേദിയരോടുപറഞ്ഞു
കന്മഷംപൂണ്ടസുരന്നു നിങ്ങളുമ്മാൻ ശ്രമിച്ചതെപ്പേരും
എന്നുടെപക്കൽത്തരികപക്ഷെ ഞാനങ്ങുകൊണ്ടുചെന്നീടാം
എന്നുപറഞ്ഞതുകേട്ടുഭീമൻ ചൊല്ലിയതെല്ലാം കൊടുൎത്തു
ചെപ്പുക്കുടംരണ്ടെടുൎത്തുചെമ്പിൽനൂറുകുടം വെള്ളംകോരി
ആയിരംനാഴിഅരിയും അഴകോടെകഴുകി കൊടുൎത്തു
ആനന്ദമുള്ളിലുറച്ചു ഭീമൻ നന്നായ്യചിച്ചുതുടങ്ങി
അഞ്ചുകറിക്കുള്ളവട്ടംക്ഷിപ്രം കൊണ്ടു ചമച്ചുടൻഭീമൻ
ചുക്കുമുളകു പൊടിപ്പിൻ ചെറുജീരകം നന്നായരപ്പിൻ
ഈരുള്ളി ഏലം നറുനൈകൂട്ടി വേഗത്തിലങ്ങു പകൎത്തി
കൂട്ടിയിളക്കി മറിച്ചു പുകതട്ടാതെ മെല്ലെന്നിറക്കി
തൊട്ടികൾ വട്ടിനിരത്തി അതിലൊക്കെ നിറച്ചുതുടങ്ങി
മൈക്കണ്ണിമാരെ!വരുവിൻനിങ്ങളിക്കറിയ്ക്കുപ്പൊന്നുനോക്കിൻ
ഉപ്പില്ലയെങ്കിൽകൊതിയൻ ബകനൊക്കുകയില്ലെന്നറിക

അഞ്ചുകറിയുംചമച്ചു ഭീമനഞ്ചാതെയുള്ളിലുറച്ചു
നൂറുകുടത്തിൽ രസാളംനിറച്ചാമ്മാറു വാകെട്ടിവെച്ചു
മാനംവൃഷഭവും പോത്തും പിന്നെപ്പാരാതെകൊണ്ടന്നുകെട്ടി
പോത്തുകൾരണ്ടുംവരുത്തി പൂട്ടിചാട്ടിൽകരേറ്റിത്തുടങ്ങി
വട്ടികൾ തൊട്ടിനിരത്തി ഒരുവാട്ടംവരാതെകരേറ്റി
നൂറുകുടത്തിൽ രസാളങ്ങളും വാട്ടംവരാതെകരേറ്റി
ചോറും കറികളുമെല്ലാമൊരു കുന്നു പോലെകരയേറ്റി
ആട്ടിഅടിച്ചുതുടങ്ങി ഭീമൻ കൂട്ടുകൂടാതെയന്നേരം
സമയം കഴിഞ്ഞു നെറിയുംകെട്ടു വരുവീലയെന്നങ്ങുറച്ചു
കാട്ടിൽകരേറിയന്നേരം ബകൻഞെട്ടുമാറൊന്നങ്ങലറി
അട്ടഹാസം കേട്ടനേരം ഭീമൻഞെട്ടുമാറൊന്നങ്ങലറി
പാരിച്ചകോപം മുഴുത്തു ബകൻദൂരത്തുവാങ്ങിയിരുന്നു
ഇന്നുഞാൻ ഗ്രാമംമുടിച്ചു വിപ്രവംശത്തെയൊക്കെമുടിപ്പൻ
ചീറ്റംകലന്നുകൊതിയൻ കോപംവർദ്ധിച്ചിരിക്കുന്നനേരം
പെട്ടെന്നുചെന്നുസമീപെ ഭീമൻ കോപ്പുകൾ കൂട്ടിത്തുടങ്ങി
നേരിട്ടൊന്നുംപറയാതെ നിന്നനേരെത്തുഭീമൻപറഞ്ഞു
ആരാനുംതന്നൊരുചോറു അഴകോടിതു കൊണ്ടിങ്ങുവന്നു
അഞ്ചാതെ യുണ്ടുകൊണ്ടാലും ഒരുചഞ്ചലം വേണ്ടാമനസിൽ
നേരിട്ടവിപ്രരോടിന്നു നിന്റെയുഷ്മതയിന്നറിയേണം
ബ്രാഹ്മണൻതന്നൊരുചോറു മതിയാവോള മുണ്ടുകൊണ്ടാലും
ആരാന്റെചോറ്റിനങ്ങാശ കൊതിയുണ്ടാകരുതെന്നറിക
ആണിനു ചേരുന്നതല്ല നിന്റെഊണെന്നുഭീമൻ പറഞ്ഞു
കാണന്നു ചൊല്ലിയിരുന്നു കറിയിട്ടങ്ങുകുട്ടിക്കുഴച്ചു
ഓരോരോപിണ്ഡമുരുട്ടി യവനൊന്നും തുടരാതെ വെച്ചു
പാരാതെഭീമൻബകന്റെ മുമ്പിൽ ചെന്നിരുന്നാനന്ദമോടെ
ഓരോരോപിണ്ഡമെടുത്തു പിന്നെയൂണിനുകോപ്പിട്ടുഭീമൻ
ഓരോന്നെ ചൊല്ലിവിഴുങ്ങും പിണ്ഡംനെഞ്ചിലിരുന്നൊരുദണ്ഡം
വേണംനിനക്കെങ്കിൽ വാടാബാഹുകൊണ്ടുടൻ നീട്ടിവലിച്ചു
പിന്നയും പിണ്ഡമെടുത്തുഭീമൻ കാട്ടിവലിച്ചുവിഴുങ്ങും
കണ്ടുസഹിയാഞ്ഞരക്കൻ കടക്കണ്ണുംകടക്കെച്ചുവത്തി
പല്ലുംകടിച്ചവൻ ചൊല്ലിയവൻ മെല്ലന്നുടനുരചെയ്തു
ധിക്കാരമെല്ലാം നിനക്കങ്ങൊരു സൽക്കാരമെന്നറിയേണം
ഇന്നുഞാനുണ്ണുന്നകൊണ്ടു ഒരുഖേദംനിനക്കുള്ളിൽ വേണ്ടാ

നീയെന്നെക്കൊന്നു ഭുജിച്ചാൽപിന്നെനിന്നുള്ളിലാകമിതെല്ലാം
എന്നുപറഞ്ഞതുകേട്ടുബകൻ കുന്നിൻശകലങ്ങൾകൊണ്ടു
വേറുവിടാതെഅവേറുവിടാതെഅരക്കൻ മെല്ലെ ഏറുതുടങ്ങിയനേരം
ഏറുകളൊക്കെത്തടുത്തു ഭീമൻ ഊണു കഴിഞ്ഞെഴുനീറ്റു
വേറുവിടാതെയരക്കൻ വൃക്ഷം ചെന്നിലയൂരിപ്പറിച്ചു
ഖിന്നത പൂണ്ടസുരന്റെ ചോറുമുണ്ടതുകൊണ്ടിന്നുതല്ലി
ആയടി മാറിത്തടുത്തു ഭീമനഥനെയുള്ളിൽ നിനച്ചു
ശ്രീഗതകയ്യിലെടുത്തു ഭീമൻവേഗമോടൊന്നങ്ങടിച്ചു
പിന്നെപ്പിടിച്ചവർതമ്മിൽ യുദ്ധം വട്ടമിട്ടങ്ങു പൊരുതും
വട്ടത്തിൽകെട്ടിഅടിയും വടി തട്ടിപ്പറിച്ചിതുഭീമൻ
ദുഷ്ടനെഭീമനന്നേരം ഇടിവെട്ടിയപോലൊന്നടിച്ചാൻ
വെട്ടുമിടിയേറ്റപോലെ തലപൊട്ടിമറിഞ്ഞങ്ങുവീണാൻ
വാരിധിപോലെനിരന്നു ചോരനാലുവഴിയുമൊഴുകി
അപ്പോഴവനെയെടുത്തുമരം കുട്ടിവച്ചങ്ങുമുറുക്കി
ചേച്ചയേറുന്നമരത്തെ കൊണ്ടു ചേർത്തങ്ങുചാരിനിറുത്തി
ഇപ്രകാരംപിടിച്ചൊക്കെകെട്ടിവായുസുതനം നടന്നു
ആയ്യഗ്രാമത്തിലുംചെന്നു ഭീമൻ മാതാവിനേയുംവണങ്ങി
അഗ്രജപാദം തൊഴുതു തന്റെസോദരന്മാരെപ്പുണർന്നു
ഇങ്ങനെ ചൊല്ലിക്കളിക്കുന്നോക്കുമംഗലം വന്നങ്ങുകൂടും
പുത്രരുംസമ്പത്തുംവന്നുകൂടും മിത്രത്തോടൊന്നിച്ചുവാഴാം

സമാപ്തം

## കടങ്കഥ

ഞാൻപാക്കുന്നസ്ഥലം സമുദ്രത്തിലാകുന്നു.

എന്റെ ഇരിപ്പടം ഭ്രമിയിലാകുന്നു.

എന്റെമാതാവു സമുദ്രമെന്നും

പിതാവു സൂൎയ്യനെ ന്നുംപറയാം.

ഞാൻ അമ്മയുടെഅടുക്കൽ ഇരിക്കുമ്പോൾ

എന്നെ ആരും കാണുകയില്ല.

എന്റെഅമ്മഎന്നെ ഒരിക്കലുംകാണാതെയിരിക്കില്ല.

അച്്ശ നോട്ടം അച്്ശന്റെഗുണത്തോട്ടും അടുക്കുമ്പോൾ ഞാൻ ഒരു ഉരുവാകുന്നു.

അപ്പോൾ എന്നെഎല്ലാവരുംവന്നു എടുക്കുകയും വിലമതിയ്ക്കുകയും ചെയ്യുന്നതാകുന്നു.

തള്ളയുടെഅടുക്കലോ അവരുടെ ബന്ധുക്കളുടെ അടുക്കലോ ചെന്നാൽ എന്നെ ആരും കാണുകയില്ല.

പിന്നെ ഞാൻ പൊന്നുതമ്പുരാൻ തിരുമനസ്സിലെ കൊട്ടാരത്തിലും പുലയരുടെ മാടത്തിലും കയറുന്നതാകുന്നു.

ജാതിഭേദങ്ങൾ എനിക്കില്ല എങ്കിലും കാലഭേദങ്ങൾഉണ്ടു.

എനിക്കു പലനിറങ്ങളുണ്ടെങ്കിലും പരമാൎത്ഥത്തിൽ ഒരു നിറമേയുള്ളൂ.

എനിക്ക് സഹോദരിമക്കളിൽ രണ്ടുമൂന്നുപേരുണ്ടെങ്കിലും ഞാനാകുന്നു മൂന്തിയവൻ.

ഞാനൊരു നല്ല വൈദ്യനെങ്കിലും തണുപ്പിലിറങ്ങിയാൽ ക്ഷയംപിടിക്കും.

എനിക്ക്ഒരുഗന്ധവുമില്ലെങ്കിലും ദുൎഗ്ഗന്ധം വെറുപ്പാകുന്നു.

ഞാൻ തനിച്ചിരുന്നാൽ എന്നെ ആരുംഒതുക്കയില്ല.

കൂട്ടുകൂടിചെന്നാൽ കൊച്ചുകുട്ടികളുംവിഴുങ്ങും.

ഞാൻ ഒരുവീട്ടിൽ കയറാതെയിരുന്നാലും അധിവസിച്ചാലും കലഹം തന്നെ.

കൃസ്ത്യാനികൾ എന്നെ വേണ്ടുംവണ്ണം ബഹുമാനിച്ചിരിക്കുന്നു.

സകലജാതിക്കാരും എന്നെ മുഖ്യമായി ബഹുമാനിച്ചുവരുന്നു.

എന്നെ അറിയുന്നവരാണെങ്കിൽ എന്റെ പേർപറയണം

പേരുപറവാൻ വയ്യാത്ത ജനങ്ങൾ പുസ്തകങ്ങൾ വാങ്ങിക്കൊണ്ടുചെന്നു നല്ല ബുദ്ധിമാന്മാരോടു ചോദിച്ചറിഞ്ഞ് തന്റെ മനസ്സിൽവെയ്ക്കുന്നതല്ലാതെമറ്റാൎക്കും പറഞ്ഞുകൊടുക്കരുതു.

പ്രസാധകർ

താളിളക്കം